(7 pages) **Reg. No. : ...............................**

**Code No. : 24005** **Sub. Code : A 1 MY 11**

U.G. (CBCS) DEGREE EXAMINATION,
NOVEMBER 2020.

First Semester

Part I — Malayalam

MALAYALAKAVITHA

(For those who joined in July 2020 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ബാലകാണ്ഡം ഏതു കൃതിയുടെ ഭാഗമാണ്?

(a) ശ്രീകൃഷ്ണചരിതം മണിപ്രവാളം

(b) അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

(c) മഹാഭാരതം കിളിപ്പാട്ട്

(d) രഘുവംശം

2. പൂന്താനത്തിന്റെ കൃതിയേത്?

(a) ഹരിനാമകീർത്തനം

(b) കുചേലവൃത്തം വഞ്ചിപ്പാട്ട്

(c) ജ്ഞാനപ്പാന

(d) പുത്തൻപാന

3. കുമാരനാശാൻ അവസാനമായി രചിച്ച കൃതി

(a) കരുണ (b) വീണപൂവ്

(c) നളിനി (d) ലീല

4. ഋഗ്വേദം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ കവി

(a) ആശാൻ (b) ഉള്ളൂർ

(c) വള്ളത്തോൾ (d) കേരളവർമ്മ

5. 'ഓർക്കിലപ്പുമാൻ മനുഷ്യനാണല്ലോ' - ആര് ?

(a) ശ്രീബുദ്ധൻ (b) സഖി

(c) വാസവദത്ത (d) ഉപഗുപ്തൻ

6. ആരാണ് കന്ദർപ്പൻ ?

(a) ശ്രീരാമൻ (b) ലക്ഷ്മണൻ

(c) കാമദേവൻ (d) വിശ്വാമിത്രൻ

7. കവിയുടെ വല്മീകത്തിന് മറ്റുള്ളവർ നൽകിയ പേരെന്ത്?

(a) പടവാൾ (b) ആത്മാവ്

(c) ദന്തഗോപുരം (d) ഉറക്കുപാട്ട്

8. സരസ്വതി സമ്മാൻ നേടിയ കവിയാര്?

(a) ഇടശ്ശേരി (b) ചങ്ങമ്പുഴ

(c) സുഗതകുമാരി (d) കടമ്മനിട്ട

9. 'ഗ്രാമവൃക്ഷത്തിലെ വവ്വാൽ' ആര് എഴുതിയ കൃതിയാണ് ?

(a) റഫീക്ക് അഹമ്മദ് (b) വിനയചന്ദ്രൻ

(c) കുമാരനാശാൻ (d) സാവിത്രിരാജീവൻ

10. 'അഗസ്ത്യഹൃദയം' എന്ന കവിത രചിച്ചതാര് ?

(a) മധുസൂദനൻ നായർ (b) പി.പി. രാമചന്ദ്രൻ

(c) അക്കിത്തം (d) വീരാൻകുട്ടി

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്കുത്തരമെഴുതുക.

11. (a) 'കൗതുകമുണ്ടായ് വന്നു ചേതസി കൗശികനും' - കാരണമെന്ത് ?

അല്ലെങ്കിൽ

(b) "വിശ്വത്തിൽ കർമ്മങ്ങൾ ഒക്കെയും മൂന്നായിട്ടേ യുള്ളൂ" എന്ന് പൂന്താനം പറയുന്നതെന്തു കൊണ്ട് ?

12. (a) 'വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാ മാർക്കും' - എന്നു പറയുന്നതെന്തുകൊണ്ട് ?

അല്ലെങ്കിൽ

(b) വള്ളത്തോളിന്റെ വർണ്ണനാപാടവം യേശുവിന്റെ വർണ്ണനയിൽ എങ്ങനെ പ്രതിഫലിക്കുന്നു?

13. (a) സ്വാതന്ത്ര്യത്തിന്റെ നൂറുനൂറൾത്താരകൾ എവിടെയൊക്കെയാണ് രൂപപ്പെടുന്നത്?

അല്ലെങ്കിൽ

(b) വീണയ്ക്ക് എന്തെല്ലാം മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് വയലാർ അഭിപ്രായ പ്പെടുന്നത്?

14. (a) ആത്മശുദ്ധീകരണം തേടുന്നവളാണ് 'അഭിസാരിക'യിലെ നായിക - പരിശോധിക്കുക.

അല്ലെങ്കിൽ

(b) നദിയിൽ നിന്ന് നെയ്യ് മറയുവാനുള്ള കാരണമെന്ത്?

15. (a) 'കീർത്തനങ്ങളിൽ ദാരികശിരസ്സേന്തിയ രക്ത ചാമുണ്ഡി' - എന്നു പറയുന്നതെന്തുകൊണ്ട് ?

അല്ലെങ്കിൽ

(b) 'കണ്ണുകളെന്തേയടയ്ക്കാതെവെച്ചമ്മ നിർദ്ദയം' എന്ന് റഫീക്ക് അഹമ്മദ് പറയുന്നതെന്തു കൊണ്ട് ?

PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്കുത്തരമെഴുതുക.

16. (a) കീർത്തന സാഹിത്യത്തിലെ പ്രമുഖ കവിയാണ് പൂന്താനം - വിലയിരുത്തുക.

അല്ലെങ്കിൽ

(b) ലളിതമായ ശൈലിയിൽ ജീവിതചിന്ത ആവിഷ്കരിച്ചിരിക്കുന്ന കൃതിയാണ് ജ്ഞാനപ്പാന - ചർച്ച ചെയ്യുക.

17. (a) മലയാള കവിതയിൽ കുമാരനാശാൻ സൃഷ്ടിച്ച പരിവർത്തനമെന്ത്? ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) സ്നേഹത്തിന്റെ മഹത്ത്വഘോഷണമാണ് കരുണ - വിലയിരുത്തുക.

18. (a) വയലാർ കവിതയിലെ കാല്പനിക ഘടകങ്ങൾ പരിശോധിക്കുക.

അല്ലെങ്കിൽ

(b) മാനവികതയുടെ കവിയാണ് വയലാർ - പാഠഭാഗത്തെ ആധാരമാക്കി വിശദീകരിക്കുക.

19. (a) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധമാണ് നെയ്യാർ എന്ന കവിതയുടെ അന്തർധാര - പരിശോധിക്കുക.

അല്ലെങ്കിൽ

(b) ആർത്തിക്കുനേരെയുള്ള ഓർമ്മപ്പെടുത്തലാണ് നെയ്യാർ - ഉപന്യസിക്കുക.

20. (a) പുതിയ ജീവിതാനുഭവത്തെ അമ്മത്തൊട്ടിലിൽ ഫറീക്ക് അഹമ്മദ് ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) പൊള്ളുന്ന അനുഭവത്തെ നൽകുന്ന കവിതയാണ് അമ്മത്തൊട്ടിൽ - പരിശോധിക്കുക.